കണ്ണൂർ സർവ്വകലാശാല
(അക്കാദമിക് വിഭാഗം)

---

No.Acad.F1/8648/2021 തിയ്യതി :25.11.2021

## വിജ്ഞാപനം

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസ് ധർമ്മശാല ക്യാമ്പസിലേക്കു പ്രൊഫസർ, അസ്സോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നീ ഒഴിവുകളിലേക്ക് TENURE ബേസിൽ (2 വർഷത്തേക്ക്) നിയമിക്കുന്നതിനുള്ള പാനൽ തയ്യാറാക്കാനായി അപേക്ഷ സ്വീകരിക്കുന്നതിനുള്ള സമയ പരിധി 08.12.2021 വരെ നീട്ടി.

| SL NO | Post (Designation) | Current Vacancy | Remarks | Reservation |
|---|---|---|---|---|
| 1 | Professor of Education | 2 | | Open-1<br>E/B/T-1 |
| 2 | Associate Professor of Education | 1 | | E/B/T-1 |
| 3 | Assistant Professor of Education | 3 | 1.Language Education (English, Malayalam)<br>2.Mathematics Education | OC E.W.S-1<br>E/B/T-1<br>Muslim-1 |

തുടർന്നു വരുന്ന ഒഴിവുകളിൽ സർവ്വകലാശാല തയ്യാറാക്കുന്ന പാനലിൽ നിന്ന് സംവരണക്രമം പാലിച്ചുകൊണ്ട് നിയമനം നടത്തുന്നതാണ് .വിദ്യാഭ്യാസ യോഗ്യതകളും അപേക്ഷ ഫോറവും സർവ്വകലാശാല വെബ്സൈറ്റിൽ (www.kannuruniversity.ac.in careers) ലഭ്യമാണ്. സംവരണത്തിന് അർഹതയുള്ളവർ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ് അപേക്ഷകർ പൂരിപ്പിച്ച അപേക്ഷ ഫോറത്തിനൊപ്പം വിദ്യാഭ്യാസ യോഗ്യത , വയസ്സ്, ജോലി പരിചയം പബ്ലിക്കേഷൻസ് എന്നിവ തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം രജിസ്ട്രാർ, കണ്ണൂർ യൂണിവേഴ്സിറ്റി, താവക്കര, സിവിൽ സ്റ്റേഷൻ പി ഒ, കണ്ണൂർ -670002 എന്ന വിലാസത്തിൽ 08/12/2021 വൈകുന്നേരം 5 മണിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്. കേരളത്തിന് പുറത്തു നിന്നും നിർദിഷ്ട യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾ തുല്യത/അംഗീകാര സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. കൂടാതെ അപേക്ഷ ഫീസിനത്തിൽ 220/-രൂപ സർവ്വകലാശാല ഫണ്ടിൽ ഒടുക്കി (SBI Collect) ചലാൻ രസീതിന്റെ അസ്സൽ ഹാജരാക്കേണ്ടതാണ്. ഒന്നിൽ കൂടുതൽ തസ്തികകളിൽ അപേക്ഷിക്കുന്നവർ ഓരോ തസ്തികകളിലേക്കും വെവ്വേറെ ഫീസ് അടക്കേണ്ടതാണ്. സംവരണ വിഭാഗത്തിൽ യോഗ്യരായ ഉദ്യോഗാർഥികളുടെ അഭാവത്തിൽ ഇതര വിഭാഗത്തിൽ നിന്നും പ്രസ്തുത ഒഴിവുകൾ നികത്തുന്നതാണ്

ഒപ്പ്/-
ഡെപ്യൂട്ടി രജിസ്ട്രാർ (അക്കാദ്)
രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്

1. PRO
2. Enquiry